(ഡി) പൊതുപ്രാധാന്യമുള്ളതും ജില്ലാപഞ്ചായത്തുകൾ അറ്റകുറ്റപ്പണികൾ നടത്താത്തതുമായ ഒ.ഡി.ആർ-കൾ പി.ഡബ്ല്യു.ഡി. നേരിട്ട് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പരിപാടി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്.

ഇ-ഫയലിംഗ് സംവിധാനം

27 (*627) ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുൻകൂർ നികുതി ഇ-ഫയൽ ചെയ്യുന്നതിനും കേന്ദ്ര വിൽപ്പന നികുതി വിനിമയ പ്രകാരമുള്ള വിവിധ ഫോറങ്ങൾ ഡൗൺലോഡ് ചെയ്യുന്നതിനും എന്തൊക്കെ സേവനങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ചെക്ക്പോസ്റ്റുകളിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(സി) ഈ വർഷം എല്ലാ ചെക്ക് പോസ്റ്റുകളിലും ഈ സംവിധാനം നടപ്പിലാക്കുമോ ;

(ഡി) സംസ്ഥാനത്തെ വ്യാപാരികൾക്ക് ലഭ്യമാക്കുന്ന ഈ സേവനങ്ങളുടെ ഭാഗമായി ഓൺലൈൻവഴി രജിസ്ട്രേഷൻ പുതുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; സംസ്ഥാനത്തുടനീളമുള്ള എല്ലാ വ്യാപാരികൾക്കും ഇപ്പോൾ ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഇ-ഫയലിംഗ് സംവിധാനം ലളിതവും സുതാര്യവുമാണ്. നികുതി വെട്ടിപ്പ് സാധ്യതയുള്ള സാധനങ്ങൾ സംസ്ഥാനത്തിന് പുറത്തുനിന്ന് സംസ്ഥാനത്തിനകത്തേക്ക് വരുമ്പോൾ മുൻകൂർ നികുതി അടയ്ക്കേണ്ടതാണ്. ഡീലർക്ക്, സ്വമേധയാ കെ.വി.എ.റ്റി.ഐ.എസ്-ൽ ഓൺലൈൻ വഴി രേഖപ്പെടുത്തി, കൊടുക്കേണ്ട മുൻകൂർ നികുതി ഇ-പേയ്മെന്റ് മുഖേന നൽകാനുള്ള അവസരമുണ്ട്. കേന്ദ്ര വിൽപന നികുതി നിയമപ്രകാരമുള്ള സി, ഇ, എഫ്, എച്ച് എന്നീ ഫോമുകൾ ഓൺലൈൻ വഴി ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. സ്റ്റാറ്റ്യൂട്ടറി ഫോം ഡൗൺലോഡ് ചെയ്യുമ്പോൾ രേഖപ്പെടുത്തേണ്ട ഇൻവോയ്സ് വിവരങ്ങൾ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ അപ്ലോഡ് ചെയ്ത ഇൻവോയ്സിൽ നിന്നു മാത്രമേ തെരഞ്ഞെടുക്കാൻ സാധിക്കൂ. തന്മൂലം വ്യാപാരി ഡിക്ലയർ ചെയ്ത ക്രയവിക്രയങ്ങൾക്ക് മാത്രമേ ഫോം ഡൗൺലോഡ് ചെയ്യാൻ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെക്ക് പോസ്റ്റുകളിൽ ഇ-ഫയലിംഗ് എന്നത് Goods-നെപ്പറ്റിയുള്ളതാണ്. ആയത് ഇ-കൺസൈൻമെന്റ് ആയാണ് ചെയ്യുന്നത്. ഇ-കൺസൈൻമെന്റ് ഡിക്ലറേഷൻ എവിടെനിന്ന് എപ്പോൾ വേണമെങ്കിലും ഫയൽ ചെയ്യാവുന്നതാണ്. 14 ചെക്ക് പോസ്റ്റുകളിൽ ഈ സംവിധാനം ലഭ്യമാണ്.

1. അമരവിള (തിരുവനന്തപുരം)
2. ആര്യങ്കാവ് (കൊല്ലം)
3. കുമിളി (ഇടുക്കി)
4. മീനാക്ഷിപുരം (പാലക്കാട്)
5. ഗോപാലപുരം (പാലക്കാട്)
6. ഗോവിന്ദപുരം (പാലക്കാട്)
7. വാളയാർ (പാലക്കാട്)
8. നടുപ്പുണി (പാലക്കാട്)
9. വേലന്താവളം (പാലക്കാട്)
10. വഴിക്കടവ് (മലപ്പുറം)
11. ഫറൂക്ക് (കോഴിക്കോട്)
12. മഞ്ചേശ്വരം (മലപ്പുറം)
13. മുത്തങ്ങ (വയനാട്)

(സി) മറ്റ് ചെക്ക്പോസ്റ്റുകളിൽ Trial basis-ൽ ഇ-ഡിക്ലറേഷൻ സംവിധാനം നടപ്പിലാക്കാനുള്ള തീരുമാനം പരിഗണനയിലാണ്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം എല്ലാ വ്യാപാരികളുടെയും രജിസ്ട്രേഷൻ പുതുക്കി നൽകിയത് ഓൺലൈൻ മുഖേന മാത്രമായിരുന്നു. വാറ്റ് രജിസ്ട്രേഷൻ ഉള്ള എല്ലാ വ്യാപാരികൾക്കും ഈ സൗകര്യം ലഭ്യമാണ്.

ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

28 (*628) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എ. എം യൂസഫ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly